# 5

# ഭാഗങ്ങളുടെ സംഖ്യകൾ


## പകുതി എന്നാൽ

രണ്ടുദോശ കഴിച്ച് കഴിഞ്ഞപ്പോൾ മിനി പറഞ്ഞു, "ഇനി ഒരു മുഴുവൻ ദോശ വേണ്ടമ്മേ, പകുതി ദോശ മതി"



പകുതിയെ അരയെന്നും പറയാം; അപ്പോൾ പകുതി ദോശയെന്നാൽ അര ദോശ, അല്ലേ ?

ഈ ചിത്രം നോക്കൂ:



വട്ടത്തിന്റെ പകുതി നീല, പകുതി ചുവപ്പ് അതായത്, അര വട്ടം നീല, അര വട്ടം ചുവപ്പ്.

ഈ ചിത്രത്തിലോ ?



പകുതി വര നീല, പകുതി വര ചുവപ്പ്.

വരയുടെ നീളം ഒരു മീറ്ററാണെങ്കിലോ ?

ഒരു മീറ്ററിന്റെ പകുതി നീളത്തെ അര മീറ്റർ എന്നു പറയാം. അപ്പോൾ അര മീറ്റർ നീല, അര മീറ്റർ ചുവപ്പ്.


ഒരു ലിറ്റർ പാൽ രണ്ട് കുട്ടികൾക്ക് ഒരുപോലെ കൊടുത്തു. ഒരാൾക്ക് എത്ര കിട്ടി ?

ഒരു ലിറ്ററിന്റെ പകുതി, അതായത് അര ലിറ്റർ.


ഒരേപോലെയുള്ള രണ്ടു ഭാഗങ്ങളിൽ ഒന്നാണ് പകുതി അല്ലെങ്കിൽ അര. കണക്കിൽ ഇതെഴുതുന്നത് $\frac{1}{2}$ എന്നാണ്; 'അര' എന്നോ 'രണ്ടിൽ ഒന്ന്' എന്നോ ആവശ്യം പോലെ വായിക്കാം.

അപ്പോൾ

- മിനിയ്ക്കു വേണ്ടത് ദോശയുടെ $\frac{1}{2}$ ഭാഗം.
- വട്ടത്തിൽ നീല നിറം കൊടുത്തത്, അതിന്റെ $\frac{1}{2}$ ഭാഗം, ചുവപ്പ് നിറം കൊടുത്തതും $\frac{1}{2}$ ഭാഗം.





- 1 മീറ്ററിന്റെ പകുതി $\frac{1}{2}$ മീറ്റർ.




- 1 ലിറ്ററിന്റെ പകുതി $\frac{1}{2}$ ലിറ്റർ.


ഈ ചിത്രം നോക്കൂ:



നിറം കൊടുത്തിരിക്കുന്നത്, വട്ടത്തിന്റെ $\frac{1}{2}$ ഭാഗമാണോ ?

ഭാഗങ്ങൾ ഒരുപോലെ അല്ലല്ലോ.


ഈ ചിത്രങ്ങൾ നോക്കൂ. ഒരു സമചതുരത്തിന്റെ $\frac{1}{2}$ ഭാഗം രണ്ടു രീതിയിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.




ഇനിയേതെങ്കിലും രീതിയിൽ $\frac{1}{2}$ ഭാഗങ്ങളാക്കാമോ ? ആലോചിച്ചുനോക്കൂ.


## പകുതികൾ പലതരം

കടലാസിൽ ഒരു വട്ടം വരച്ച് വെട്ടിയെടുക്കുക.







കൃത്യം നടുക്കുകൂടി മടക്കി വെട്ടിയെടുത്താൽ, രണ്ട് $\frac{1}{2}$ ഭാഗങ്ങളായി.







ഈ കഷ്ണങ്ങൾ ഓരോന്നിനെയും വീണ്ടും കൃത്യമായി മടക്കി മുറിച്ചാലോ ?




ഈ കൊച്ചു കഷ്ണങ്ങളെല്ലാം വട്ടത്തെ നാല് സമഭാഗങ്ങളായി മുറിച്ചതിൽ ഒരു ഭാഗമല്ലേ ?

അതിനാൽ ഓരോന്നിനെയും വട്ടത്തിന്റെ നാലിലൊന്ന് എന്നു പറയാം; $\frac{1}{4}$ ഭാഗം എന്നെഴുതാം.









ഇവയിൽ രണ്ടെണ്ണം ചേർത്തു വച്ചാലോ ?



വട്ടത്തെ നാല് സമഭാഗങ്ങളാക്കിയതിൽ രണ്ടെണ്ണം ചേർത്തുവച്ചതല്ലേ ? അതിനാൽ, വട്ടത്തിന്റെ നാലിൽ രണ്ട് ഭാഗമെന്നു പറയാം; $\frac{2}{4}$ ഭാഗം എന്നെഴുതുകയും ചെയ്യാം.

പക്ഷേ ഇത് വട്ടത്തിന്റെ $\frac{1}{2}$ ഭാഗവും ആണല്ലോ:







നാലിൽ രണ്ടായാലും, രണ്ടിൽ ഒന്നായാലും, കാര്യം പകുതിതന്നെ. കണക്കിന്റെ ഭാഷയിൽ,


$$\frac{2}{4} = \frac{1}{2}$$

മറ്റൊരു ഉദാഹരണം നോക്കാം.

ഒരു മീറ്റർ നീളമുള്ള നാട, നാല് സമഭാഗങ്ങളാക്കിയാൽ ഓരോ ഭാഗത്തിന്റെയും നീളം $\frac{1}{4}$ മീറ്റർ:





രണ്ട് ഭാഗങ്ങൾ ഒന്നിച്ചെടുത്താലോ ?





1 മീറ്ററിനെ 4 സമഭാഗങ്ങളാക്കിയതിൽ 2 എണ്ണം ചേർന്നതായതിനാൽ $\frac{2}{4}$ മീറ്റർ എന്നു പറയാം.

1 മീറ്ററിന്റെ പകുതിയായതിനാൽ $\frac{1}{2}$ മീറ്റർ എന്ന് പറയുകയാവും ഭംഗി (കാര്യം പെട്ടെന്നു പിടികിട്ടുകയും ചെയ്യും).




വീണ്ടും ചില വട്ടക്കണക്കുകളാകാം.


**വരകളും വട്ടങ്ങളും** എന്ന പാഠത്തിൽ ഇങ്ങനെയൊരു ചിത്രം വരച്ചത് ഓർക്കുന്നോ ?



ഇങ്ങനെ വരച്ച്, വൃത്തത്തിൽ ആറ് കുത്തുകൾ ഇടാമല്ലോ.



എല്ലാ കുത്തുകളും കേന്ദ്രവുമായി യോജിപ്പിക്കുക. ഇങ്ങനെയൊരു ചിത്രം കിട്ടിയില്ലേ ?




വട്ടം എത്ര ഭാഗമായി ?


എല്ലാ ഭാഗങ്ങൾക്കും ഒരേ വലുപ്പമാണോ ?
(വേണമെങ്കിൽ ഇങ്ങനെയൊരു വട്ടം കട്ടിക്കടലാസിൽ വരച്ച് വെട്ടിയെടുത്ത്, ഭാഗങ്ങളെല്ലാം മുറിച്ച് ഒന്നിനുമേലൊന്നായി വച്ച് നോക്കിക്കോളൂ.)

ഈ ആറു ഭാഗങ്ങൾ ഓരോന്നും വട്ടത്തിന്റെ എത്ര ഭാഗമാണെന്ന് പറയാം ?

എഴുതുന്നതോ ?




വട്ടത്തിന്റെ പകുതിക്ക് നിറം കൊടുക്കാൻ, ഇനി എത്ര ഭാഗങ്ങൾക്ക് കൂടി നിറം കൊടുക്കണം ?




ആകെയുള്ള ആറു ഭാഗങ്ങളിൽ, എത്ര ഭാഗങ്ങൾക്ക് ഇപ്പോൾ നിറം കൊടുത്തു ? അപ്പോൾ, നിറം കൊടുത്ത ഭാഗം, വട്ടത്തിന്റെ എത്ര ഭാഗമാണെന്നു പറയാം ? ഇതെങ്ങനെയാണ് എഴുതുന്നത് ?

ഇത് വട്ടത്തിന്റെ പകുതിയാണെന്നത്, എങ്ങനെ കണക്കുഭാഷയിൽ എഴുതും ?

$$\frac{3}{6} = \frac{1}{2}$$

അതായത്, ആറിൽ മൂന്നും പകുതി തന്നെ.


ഒരു മീറ്റർ നീളമുള്ള നാട, ആറായി മുറിച്ചതിൽ മൂന്നെണ്ണം ചേർത്തുവച്ചും ഇത് കാണാം.



ഇനി വട്ടത്തെ നാല് സമഭാഗങ്ങളാക്കി മുറിച്ചതിൽ ഓരോന്നിനെയും നടുവിൽക്കൂടി മടക്കി മുറിച്ചാൽ, ആകെ എത്ര ഭാഗമായി ?

ഓരോന്നും വട്ടത്തിന്റെ എത്ര ഭാഗം എന്ന് പറയാം ?

എഴുതുന്നതോ ?



ഇവയിൽ എത്ര എണ്ണം ചേർത്താൽ പകുതി വട്ടമാകും ?

അപ്പോൾ പകുതി എന്നതിനെ മറ്റൊരു വിധത്തിൽ എങ്ങനെ പറയാം ? എഴുതുന്നതോ ?


പകുതിയുടെ ഇതുവരെ കണ്ട പല രൂപങ്ങൾ ചേർത്ത് ഒരു പട്ടികയാക്കിയാലോ ?

| പകുതി | | | |
|---|---|---|---|
| ആകെ ഭാഗങ്ങൾ | എടുക്കേണ്ട ഭാഗങ്ങൾ | പറയുന്നത് | എഴുതുന്നത് |
| 2 | 1 | രണ്ടിൽ ഒന്ന് | $\frac{1}{2}$ |
| 4 | 2 | നാലിൽ രണ്ട് | $\frac{2}{4}$ |
| 6 | | | |
| 8 | | | |


ഒഴിഞ്ഞ കളങ്ങളിൽ വേണ്ടത് എഴുതിച്ചേർക്കാമല്ലോ ?

## മൂന്ന് ഭാഗങ്ങൾ

വട്ടത്തെ ആറായി ഭാഗിക്കാൻ, ആദ്യം ആറ് കുത്തുകളിട്ടത് ഓർമ്മയില്ലേ?




കട്ടിക്കടലാസിൽ ഒരു വൃത്തം വരച്ച്, ഈ ആറു കുത്തുകൾ അടയാളപ്പെടുത്തുക. ഒന്നിടവിട്ട് കുത്തുകൾ വൃത്തത്തിന്റെ കേന്ദ്രവുമായി യോജിപ്പിക്കുക. വട്ടം വെട്ടിയെടുത്ത്, ഈ വരകളിലൂടെ മുറിക്കുക.




ഈ കഷ്ണങ്ങൾ ഒന്നിനുമേലൊന്നായി വച്ച് നോക്കൂ; എല്ലാറ്റിനും ഒരേ വലുപ്പമല്ലേ?


ഇവ ഓരോന്നും വട്ടത്തിന്റെ എത്ര ഭാഗമാണെന്നു പറയാം?

എഴുതുന്നതോ?



1 മീറ്റർ നീളമുള്ള നാട, ഒരേ നീളമുള്ള മൂന്ന് കഷ്ണങ്ങളായി മുറിച്ചാൽ, ഓരോന്നിന്റെയും നീളം $\frac{1}{3}$ മീറ്റർ.







1 ലിറ്റർ പാൽ മൂന്ന് പേർക്ക് വീതിച്ചാൽ ഓരോരുത്തർക്കും എത്ര ലിറ്റർ പാൽ കിട്ടും ?


ഇനി വട്ടത്തിനെ മൂന്നായി മുറിച്ച കഷ്ണങ്ങളിൽ രണ്ടെണ്ണം മാത്രം ചേർത്ത് വച്ചാലോ ?

വട്ടത്തെ മൂന്ന് സമഭാഗങ്ങളാക്കി, അതിലെ രണ്ട് ഭാഗം ചേർന്നതാണല്ലോ ഇത്.

ഇതിനെ വട്ടത്തിന്റെ മൂന്നിൽ രണ്ട് ഭാഗം എന്ന് പറയാം; എഴുതുന്നത് $\frac{2}{3}$ ഭാഗം.





ഇതുപോലെ, ഒരു മീറ്റർ നീളമുള്ള നാട മൂന്ന് സമഭാഗങ്ങളാക്കിയതിൽ രണ്ടു ഭാഗം ചേർന്നത് നോക്കാം:



**ഇനി സ്വന്തമായി ചില കാര്യങ്ങൾ ചെയ്തു നോക്കൂ:**

**1.** ഒരു സമചതുരം വരയ്ക്കുക; വശങ്ങളോരോന്നിനും 3 സെന്റിമീറ്റർ നീളം. ഇനി മുകളിലെത്തെയും താഴെത്തെയും വശങ്ങളിൽ ഇടത്തുനിന്ന് 1 സെന്റിമീറ്റർ ഇടവിട്ട് കുത്തുകളിടുക. അവ യോജിപ്പിക്കുക:




*i.* ചെറിയ ചതുരം സമചതുരത്തിന്റെ എത്ര ഭാഗമാണ്?

*ii.* വലിയ ചതുരമോ?

*iii.* $\frac{1}{3}$ ഭാഗത്തിന് ചുവപ്പ് നിറവും $\frac{2}{3}$ ഭാഗത്തിന് പച്ച നിറവും കൊടുക്കുക.

*iv.* വേറെ ഏതെങ്കിലും രീതിയിൽ സമചതുരത്തിനെ $\frac{1}{3}$ ഉം $\frac{2}{3}$ ഉം ആയി ഭാഗിക്കാമോ?


**2.** ഇങ്ങനെയൊരു ചതുരം വരയ്ക്കുക:




അതിന്റെ $\frac{2}{3}$ ഭാഗത്തിന് പച്ച നിറവും, $\frac{1}{3}$ ഭാഗത്തിന് ചുവപ്പ് നിറവും കൊടുക്കുക.


## വേറെയും ഭാഗങ്ങൾ

വട്ടത്തെ നാല് സമഭാഗങ്ങളാക്കിയല്ലോ.




ഇവയിൽ രണ്ടെണ്ണം ചേർത്തുവച്ചാൽ പകുതി വട്ടം ആകുമെന്നും കണ്ടു.


മൂന്ന് ഭാഗങ്ങൾ ചേർത്ത് വച്ചാലോ ?



നാല് സമഭാഗങ്ങളിൽ മൂന്നെണ്ണം ആയതിനാൽ ഇതിനെ വട്ടത്തിന്റെ നാലിൽ മൂന്ന് ഭാഗം എന്ന് പറയുകയും $\frac{3}{4}$ എന്നെഴുതുകയും ചെയ്യാം:




ഒരു മീറ്റർ നീളമുള്ള നാട നാല് സമഭാഗങ്ങളാക്കി, കഷ്ണങ്ങൾ പലതരത്തിൽ ഒരുമിച്ചെടുത്താൽ കിട്ടുന്ന നീളങ്ങൾ നോക്കൂ:




സാധാരണയായി നാലിൽ ഒന്നിനെ കാൽ എന്നും, നാലിൽ മൂന്നിനെ മുക്കാൽ എന്നുമാണ് പറയുക. അപ്പോൾ ചിത്രത്തിലെ നീളങ്ങളെ കാൽ മീറ്റർ, അരമീറ്റർ, മുക്കാൽ മീറ്റർ എന്നിങ്ങനെ പറയാം.

മറ്റൊരു കണക്ക്: വട്ടത്തെ ആറ് സമഭാഗങ്ങളാക്കിയതിൽ മൂന്നെണ്ണത്തിന് നിറം കൊടുത്താൽ പകുതി വട്ടത്തിന് നിറമായി.

രണ്ടെണ്ണത്തിന് മാത്രം നിറം കൊടുത്താലോ ?


വട്ടത്തെ മൂന്ന് ഭാഗങ്ങളാക്കിയതിൽ ഒരെണ്ണം, ഈ നിറം കൊടുത്ത ഭാഗവുമായി ചേർത്തുവച്ച് നോക്കൂ:



അതായത്, ആറിൽ രണ്ടും, മൂന്നിൽ ഒന്നും ഒരേ ഭാഗംതന്നെ.


$$\frac{2}{6} = \frac{1}{3}$$


ഇതുപോലെ നാല് ഭാഗങ്ങൾക്ക് നിറം കൊടുത്ത്, മൂന്നായി ഭാഗിച്ചതിൽ രണ്ടെണ്ണവുമായി ഒത്തുനോക്കൂ:




$$\frac{4}{6} = \frac{2}{3}$$

ഒരു മീറ്റർ നീളമുള്ള നാട, ആറ് സമഭാഗങ്ങളാക്കിയ കഷ്ണങ്ങളും, മൂന്ന് സമഭാഗങ്ങളാക്കിയ കഷ്ണങ്ങളും പലതരത്തിൽ ഒരുമിച്ചെടുത്ത് ഒത്തുനോക്കുകയും ആകാം.




ഭാഗങ്ങളുടെ കണക്ക് പറയാൻ ഉപയോഗിക്കുന്ന

$$\frac{1}{2}, \frac{1}{3}, \frac{2}{3}, \frac{1}{4}, \frac{3}{4}, \dots\dots$$

എന്നിങ്ങനെയുള്ള സംഖ്യകളെയെല്ലാം ഭിന്നസംഖ്യകൾ എന്നാണ് പറയുന്നത്.

അപ്പോൾ ഭിന്നസംഖ്യകളെക്കുറിച്ച് ഇതുവരെ കണ്ടത് എന്തെല്ലാമാണ് ?

- അര, മൂന്നിലൊന്ന്, മൂന്നിൽ രണ്ട് എന്നെല്ലാം സാധാരണ ഭാഷയിൽ പറയുന്നത്, ഒരു സാധനമോ അളവോ ഒരേപോലെയുള്ള ഭാഗങ്ങളാക്കി

അവയിൽ ചിലത് മാത്രം എടുക്കുമ്പോഴാണ്.

* ഒരു ദോശ ഒരേപോലെയുള്ള രണ്ടു ഭാഗങ്ങളാക്കി, അതിൽ ഒരു ഭാഗം എടുത്താൽ അര ദോശ.
* ഒരു ലിറ്റർ പാൽ ഒരേപോലെയുള്ള മൂന്ന് കുപ്പികളിൽ നിറച്ചാൽ, ഒരു കുപ്പിയിൽ മൂന്നിലൊന്ന് ലിറ്റർ.
* ഒരു മീറ്റർ നീളമുള്ള നാട മൂന്നായി മടക്കി രണ്ട് ഭാഗം ചേർത്ത് മുറിച്ചെടുത്താൽ, കഷ്ണത്തിന്റെ നീളം മൂന്നിൽ രണ്ടു മീറ്റർ.

- ഈ ഭാഗങ്ങൾ കണക്കു ഭാഷയിൽ പറയാനാണ് ഭിന്നസംഖ്യകൾ


* $\frac{1}{2}$ ദോശ    * $\frac{1}{3}$ ലിറ്റർ    * $\frac{2}{3}$ മീറ്റർ

- പല രൂപത്തിലുള്ള ഭിന്നസംഖ്യകൾ ചിലപ്പോൾ ഒരേ അളവാണെന്ന് വരാം

* ഒരു ദോശ ഒരേപോലെയുള്ള നാലു ഭാഗങ്ങളാക്കി രണ്ടെണ്ണം എടുത്താലും, രണ്ടു ഭാഗങ്ങളാക്കി ഒന്നെടുത്താലും പകുതി തന്നെ $\frac{2}{4} = \frac{1}{2}$
* ഒരു ലിറ്റർ പാൽ ഒരേപോലെയുള്ള ആറു കുപ്പികളിൽ നിറച്ച്, രണ്ടെണ്ണം ഒരുമിച്ചെടുത്താലും ഒരേപോലെയുള്ള മൂന്നു കുപ്പികളിൽ നിറച്ചിട്ട് ഒരെണ്ണം എടുത്താലും മൂന്നിലൊന്നു ലിറ്റർ തന്നെ $\frac{2}{6} = \frac{1}{3}$.
* ഒരു മീറ്റർ നാട ആറായി മടക്കി നാലു ഭാഗം ചേർത്ത് മുറിച്ചെടുത്താലും, മൂന്നായി മടക്കി രണ്ടു ഭാഗം ചേർത്തു മുറിച്ചെടുത്താലും മൂന്നിൽ രണ്ട് മീറ്റർ തന്നെ $\frac{4}{6} = \frac{2}{3}$.


**ഇനി ഈ കണക്കുകൾ ചെയ്തുനോക്കൂ.**

1. വട്ടത്തെ എട്ട് സമഭാഗങ്ങളാക്കിയതിൽ ഈരണ്ടു വീതം നിറംകൊടുത്ത ചിത്രങ്ങളാണ് ചുവടെ കാണിച്ചിരിക്കുന്നത്.




ഓരോന്നിന്റെയും നിറംകൊടുത്ത ഭാഗത്തെ രണ്ട് തരത്തിൽ വിശദീകരിക്കുക. രണ്ട് ഭിന്നസംഖ്യകളായി ചിത്രങ്ങളുടെ ചുവടെയുള്ള കളങ്ങളിൽ എഴുതുക.

**2.** വട്ടത്തെ പന്ത്രണ്ട് സമഭാഗങ്ങളാക്കിയതിൽ ചിലതിന് നിറംകൊടുത്ത ചിത്രങ്ങളാണ് ചുവടെ:



ഓരോന്നിന്റെയും നിറംകൊടുത്ത ഭാഗത്തെ രണ്ടു തരത്തിൽ വിശദീകരിക്കുക. രണ്ട് ഭിന്നസംഖ്യകളായി ചിത്രങ്ങളുടെ ചുവടെയുള്ള കളങ്ങളിൽ എഴുതുക.

**3.** ചുവടെക്കാണിച്ചിരിക്കുന്നതുപോലെ ഒരു സമചതുരം വരച്ച് ഭാഗങ്ങളാക്കുക.



ചതുരത്തിന്റെ $\frac{1}{8}$ ഭാഗത്തിന് ചുവപ്പു നിറവും, $\frac{1}{4}$ ഭാഗത്തിന് പച്ച നിറവും, $\frac{1}{2}$ ഭാഗത്തിന് നീല നിറവും കൊടുക്കുക.

*i.* നിറമില്ലാത്ത ഭാഗം ഏതെങ്കിലുമുണ്ടോ ?

*ii.* അത് ചതുരത്തിന്റെ എത്ര ഭാഗമാണ് ?

*iii.* അത് ഭിന്നസംഖ്യയായി എഴുതുക.

## മുഴുവനും ഭാഗവും

ഒന്നര ലിറ്റർ പാൽ, ഒന്നേകാൽ മീറ്റർ തുണി, രണ്ടര കിലോഗ്രാം പയർ എന്നെല്ലാം പറയുന്നത് കേട്ടിട്ടില്ലേ ?


എന്താണിവയുടെ അർഥം ?

ഒരു പാത്രത്തിൽ ആദ്യം ഒരു ലിറ്റർ പാലും, പിന്നെ ഒരു ലിറ്ററിന്റെ പകുതിയും ഒഴിച്ചാൽ പാത്രത്തിൽ ആകെ എത്ര ലിറ്ററായി ?


ഒരു ലിറ്ററും അര ലിറ്ററും ചേർന്നാൽ ഒന്നര ലിറ്റർ. ഇതെഴുതുന്നത് $1\frac{1}{2}$ ലിറ്റർ എന്നും.

രണ്ട് ലിറ്ററും പിന്നെ ഒരു ലിറ്ററിന്റെ നാലിലൊന്നുമാണ് എടുക്കുന്നതെങ്കിൽ രണ്ടേകാൽ ലിറ്റർ. എഴുതുന്നത് $2\frac{1}{4}$ ലിറ്റർ.

ഈ ചിത്രം നോക്കൂ:




രണ്ടാമത്തെ വട്ടത്തിന്റെ എത്ര ഭാഗമാണ് നിറം കൊടുത്തിരിക്കുന്നത് ? അപ്പോൾ ആകെ $1\frac{1}{4}$ വട്ടത്തിന് നിറം കൊടുത്തു എന്നു പറയാം. ഈ ചിത്രത്തിലോ ?



ഒന്നും മൂന്നിലൊന്നും; എഴുതുന്നത് $1\frac{1}{3}$.

നീളങ്ങളെയും ഇങ്ങനെ കാണാം. ഒരു മീറ്റർ നീളമുള്ള രണ്ട് നാടകളിൽ ഒരെണ്ണവും, മറ്റേ നാടയുടെ പകുതിയും ചേർത്തുവച്ചാൽ ഒന്നര മീറ്റർ:




ചുവടെ കൊടുത്തിരിക്കുന്ന ഓരോ ചിത്രത്തിലും എത്ര വട്ടത്തിനാണ് നിറം കൊടുത്തിരിക്കുന്നത് എന്നു പറയുക; സംഖ്യയായി എഴുതുകയും വേണം.

